CHRISTIAN
MUSICOLOGICAL
SOCIETY of INDIA

# തിരുസ്സഭാചരിത്രം



Mgr. A. P[illegible]DICHERY. D.D.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY of INDIA

# തിരുസ്സഭാചരിത്രം.

( കേരളചരിത്രസഹിതം. )

**SOUVENIR**

OF THE EPISCOPAL CONSECRATION OF

HIS EXCELLENCY

**THE RT. REV. DR. GEORGE ALAPATT, PH. D; D. D.**

BISHOP OF TRICHUR.

ON

1-5-1944.

BY

**Msgr. A. Pudichery, D D**

**Vicar General, - Trichur**

**1945.**

St. Joseph's I. S. Press,

**1947.**

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

Gratefully accepting "The Church History" as a Souvenir of Our Episcopal Consecration we most cordially bless the book and its Author,

**The Rt. Rev. Mgr. A. Pudichery- D. D.**

Bishop's House,
Trichur, 1-5-1945.

✝ G. C. Alapatt
Bishop of Trichur.

MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

# പ്രസ്താവന.

പ്രാഥമികജ്ഞാനം ലഭിച്ചവർക്കും അദ്ധ്യാപകന്മാർക്കും ഉപകരിക്കുന്ന തരത്തിൽ വിസ്തരിച്ചെഴുതിയ ഒരു വേദാഗമചരിത്രം ഇല്ലാതിരുന്നതിനെ പരിഹരിക്കുവാൻ 1937-ൽ ഞാൻ ഒരു "പഴയ വേദാഗമചരിത്രം" പ്രസിദ്ധപ്പെടുത്തി. പഴയവേദാഗമചരിത്രം ആദ്യന്തമെന്നല്ല, അതിൽ പുതിയ വേദാഗമചരിത്രം രഹസ്ഥിതവുമാണല്ലോ. പഴയതു പുതിയതിനെ മുന്നറിയിക്കയും ഒരുക്കുകയും ചെയ്തു.

അങ്ങനെ മുൻ അറിയിക്കപ്പെട്ട മ്ശിഹായുടെ ആഗമം, അത്ഭുതങ്ങൾ, പീഡകൾ, മരണം, ഉയിർപ്പ് എന്നിവയെല്ലാം യഥാർത്ഥീകരിക്കപ്പെട്ടതും, ഏകരക്ഷാദായിനിയായ ഒരു സഭയെ മ്ശിഹാ സ്ഥാപിച്ചതും നാം പുതിയ വേദാഗമചരിത്രംകൊണ്ടറിയണം. അതിനാൽ 1939-ൽ ഞാൻ ഒരു "പുതിയ വേദാഗമചരിത്ര"വും പ്രസിദ്ധപ്പെടുത്തി. ഈ ചരിത്രംകൊണ്ട് പ്രസ്തുത സത്യതിരുസ്സഭ എങ്ങനെ ദ്രുതഗതിയിൽ ദൈവപരിപാലനയാലേ അത്ഭുതകരമായി ഭൂമുഖത്തു വ്യാപിച്ചുവെന്നുകൂടി ശ്ലീഹന്മാരുടെ നടപടിപ്പുസ്തകം നിമിത്തം നാം അറിയുന്നു.

മ്ശിഹായുടെ പത്നിയും ഏകരക്ഷാദായിനിയുമായ സത്യതിരുസ്സഭ സ്ഥാപിതമായിട്ട് ഇപ്പോൾ പത്തൊമ്പതു ശതകങ്ങൾ കഴിഞ്ഞു. ഈ ദീർഘിച്ച കാലഘട്ടത്തിൽ ആ സഭ എങ്ങിനെ പുരോഗമിച്ചുവെന്നു കാണിക്കുന്നതിന്നു ഒരു ചരിത്രവും അത്യന്താപേക്ഷിതമാണ്. തന്നിമിത്തം അങ്ങനെ ഒരു ചരിത്രവും തയ്യാറാക്കുവാൻ ഞാൻ ഉദ്യമിച്ചു. ഏതാനും ചില ചരിത്രഗ്രന്ഥങ്ങൾ പാരായണം ചെയ്തു തയ്യാറാക്കിയ ഈ തിരുസ്സഭാചരിത്രം, ആധുനികയുദ്ധസാഹചര്യങ്ങൾകൊണ്ടു, പ്രസിദ്ധപ്പെടുത്തുവാൻ ഇതുവരെ താമസിച്ചുപോയെന്നേയുള്ളു.

നി. വ. ദിവ്യശ്രീ ആലപ്പാട്ട് മാർ ഗീവറുഗീസ് തിരുമനസ്സിലെ മെത്രാൻ പട്ടാഭിഷേകസ്മാരകമായി അംഗീകരിക്കപ്പെട്ട ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തിന്നു പലതരത്തിൽ എന്നെ സഹായിച്ചിട്ടുള്ള എല്ലാവരോടും ഞാൻ ഹൃദയംഗമമായി നന്ദി പറഞ്ഞുകൊള്ളുന്നു.

എന്ന്

മോൺസിഞ്ഞോർ
അന്തോണി പുതിശ്ശേരി.
വൈക്കർ ജനറാൾ

മെത്രാസന അരമന.
തൃശ്ശൂർ
1945 മെയി 1-ാംനു-

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY of INDIA

# തിരുസ്സഭാചരിത്രം.

## പ്രാരംഭം.

### 1. തിരുസ്സഭാചരിത്രത്തിൻെറ പ്രാധാന്യം.

മാമ്മോദീസാമുങ്ങി, സത്യവിശ്വാസം അനുസരിച്ച്, ശുദ്ധ മാർപ്പാപ്പാക്കു കീഴ്പ്പെടുന്നവരുടെ ഒരു സമൂഹമാണ് തിരുസ്സഭ. ഈശോമ്ശിഹാ സ്ഥാപിച്ച പ്രസ്തുത സഭയെ സംബന്ധിക്കുന്ന സ്മരണീയ സംഭവങ്ങളുടെ വിശ്വസനീയമായ വിവരണത്തെ നാം തിരുസ്സഭാചരിത്രമെന്നു പറയുന്നു. സഭയുടെ ഉത്ഭവം, പ്രചാരം, സംരക്ഷണം, വിവിധസ്ഥിതികൾ, അനുകൂലപ്രതികൂല സംഭവങ്ങൾ എന്നിവ ആ സഭയുടെ ചരിത്രവിഷയങ്ങളാകുന്നു. സഭാമാതാവിനെപ്പററിയുള്ള ചരിത്രജ്ഞാനം സഭയുടെ മക്കളായ ക്രിസ്ത്യാനികൾക്കെല്ലാം സർവ്വപ്രധാനമായ ഒന്നാണെന്നു എത്രയും സ്പഷ്ടമാണ്. അന്യമതസ്ഥർ സത്യസഭാവലംബികളാകുന്നതിനു പലപ്പോഴും പ്രേരകമായിരുന്നിട്ടുള്ളതു തിരുസ്സഭാചരിത്രത്തിൻെറ പാരായണമാണെന്നു കാണാം.

ഈ ചരിത്രജ്ഞാനംകൂടാതെ യാതൊരുത്തനും ഒരു യഥാർത്ഥ വേദശാസ്ത്രപണ്ഡിതനാകുന്നില്ല. സഭയുടെ പഠനങ്ങൾക്കു സാക്ഷ്യംവഹിക്കുന്ന സഭാപിതാക്കന്മാരെ സംബന്ധിച്ചു അറിയുന്നതിനും സഭാചരിത്രജ്ഞാനം അത്യന്താപേക്ഷിതം. അതുവഴിയായിട്ടുവേണം വേദശാസ്ത്രജ്ഞൻ ദിവ്യപഠനങ്ങളുടെ ചരിത്രം, സഭയുടെ നിരന്തരപാരമ്പര്യം, സൂനഹദോസുകളുടെ വ്യവസ്ഥകൾ എന്നിവ മനസ്സിലാക്കുവാൻ. ഓരോ ക്രിസ്തീയ പ്രമാണവും എന്നു, എങ്ങനെ, ഏതുകാരണത്താൽ നടപ്പിൽ വന്നുവെന്നു അറിവാനും സഭാചരിത്രപാരായണം ഒഴിച്ചുകൂടാത്തതാണ്. ഇങ്ങനെ പലതുകൊണ്ടും തിരുസ്സഭാചരിത്രത്തിൻെറ പ്രാധാന്യം ഏതാണ്ടു ഊഹ്യമത്രെ.

### 2. സഭാചരിത്രത്തിൻെറ അടിസ്ഥാനം.

ഒരു പരാപരനിൽ വിശ്വസിക്കുക, അവിടത്തെ ആരാധിക്കുക, അഥവാ ഒരു മതമുണ്ടായിരിക്കുക എന്നതു ലോകത്തിൽ

www.TheCMSIndia.org

എന്നും എവിടെയും ഉള്ളതായി ചരിത്രം ഉൽഘോഷിക്കുന്നു. മനുഷ്യന്റെ അഗാധമായ അധഃപതനത്തിന്റെ നാളിൽപോലും മതം കേവലം ഇല്ലാതായിട്ടില്ല. ദൈവാസ്തിത്വം അംഗീകരിക്കാത്ത ഒരു അപരിഷ്കൃതജാതിപോലും ഇല്ലെന്നും, ദൈവമില്ലെന്നുപറയുന്നതിനേക്കാൾ ഒരു കള്ളദേവനെയെങ്കിലും ആരും അംഗീകരിച്ചുക്കമെന്നും പ്രസിദ്ധനായ ചിച്ചറൊ പറഞ്ഞിട്ടുണ്ട്.

ഭൂഗോളം മുഴുവനും ചുററിസഞ്ചരിച്ച പ്'ലൂററാക്കെന്ന ദേഹം ചില രാജ്യങ്ങളിൽ കേവലം അപരിഷ്കൃതരെയും നിരക്ഷരകുക്ഷികളെയും കണ്ടെത്തി. എന്നാൽ ബലിയൊ, ബലിപീഠമൊ, അമ്പലമൊ, തത്തുല്യമായ ദൈവാർപ്പിതസ്ഥലങ്ങളൊ ഇല്ലാത്ത ഒരു രാജ്യവും താൻ കണ്ടില്ലെന്നു അദ്ദേഹം വ്യക്തമായിപ്പറയുന്നു. ആകയാൽ മതം മനുഷ്യനു സഹജമാണ്. മനുഷ്യന്റെ സാമൂദായികജീവിതത്തിനു ഒഴിച്ചുകൂടാത്ത ആ മതം ലോകത്തിൽ എന്നുമുണ്ടായിരുന്നു. ആ മതമാണ് സഭാചരിത്രത്തിന്റെ അടിസ്ഥാനം. എന്തെന്നാൽ ക്രൈസ്തവസഭയുടെ ചരിത്രം ക്രിസ്തുമതത്തിന്റെ ചരിത്രമല്ലാതെ മറെറാന്നുമല്ല.

## 3. സഭാചരിത്രത്തിന്റെ പുരാതനത്വം.

ക്രിസ്തുമതം രണ്ടുസംഗതികളിൽ അടിസ്ഥിതമാണ്. ഒന്നു മനുഷ്യന്റെ വീഴ്ചയും, മറേറതു അവതരിച്ച ദൈവപുത്രൻ വഴി മനുഷ്യനുണ്ടായ ഉദ്ധാരണവുമാകുന്നു. ആകയാൽ സഭയുടെ ചരിത്രം മ്'ശിഹായുടെ പിറവിമുതൽക്കല്ല, പ്രത്യുത നമ്മുടെ ആദിമാതാപിതാക്കന്മാരുടെ നാൾ മുതല്ക്കുതന്നെ ആരംഭിച്ചു. അങ്ങനെ ക്രിസ്തുമതം മനുഷ്യകുലാരംഭം മുതല്ക്കുള്ളതാണെങ്കിലും ക്രിസ്തീയനാമം അതിനു സിദ്ധിച്ചതു ക്രിസ്തു, മനുഷ്യനായി അവതരിച്ചശേഷമാണെന്നു മഹാനായ ശാസ്ത്രി വി. അഗസ്റ്റിൻ എഴുതിയിട്ടുണ്ട്.
(Retract. I. T. C, 12.)

മ്'ശിഹാ മനുഷ്യചരിത്രത്തിന്റെ കേന്ദ്രമാണ്. അവിടുന്നു ആരംഭവും അവസാനവും (വെളിവാട് 1. 8.) ആകകൊണ്ടു മ്'ശിഹായ്ക്കുമുമ്പുള്ള മനുഷ്യകുലചരിത്രം രക്ഷകാഗമനത്തിനു മനുഷ്യൻ ഒരുങ്ങിയതിന്റേയും, മ്'ശിഹാനന്തരമുള്ള ചരിത്രം ഭൂമിയിൽ ദൈവരാജ്യമായ തിരുസ്സഭയ്ക്കുണ്ടായ വ്യാപ്തിയുടേയും ചരിത്രമാകുന്നു. ലൌകികമായ ചരിത്രസംഭവങ്ങൾപോലും ദൈവസാമ്രാ

CHRISTIAN MUSICOLOGICAL SOCIETY of INDIA

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY of INDIA



ജ്യമായ സഭയെ സ്പർശിക്കുന്ന ദൈവപരിപാലനയുടെ പ്രവൃത്തികളാകുവാൻ ദൈവം തിരുമനസ്സായിട്ടുണ്ടു.

## 4. മ്ശിഹാസ്വീകരണത്തിന്നൊരുക്കം.

മനുഷ്യൻ വിഗ്രഹാരാധനയാൽ സത്യദൈവത്തെ വെടിഞ്ഞതു മഹാ പാപമെന്നു അവന്നു പണ്ടേ ബോദ്ധ്യംവന്നു. സത്യദൈവത്തിലുള്ള വിശ്വാസം ക്ഷയിച്ചതോടെ സദാചാരം മനുഷ്യനിൽ ഇല്ലാതായി. അമ്പലങ്ങൾ കാമാസക്തിയുടെ പ്രകടനസ്ഥാനങ്ങളായി വിധംപകന്നു. പുറജാതിക്കാരുടെ മതാനുഷ്ഠാനകർമ്മങ്ങൾ കേവലം അസാന്മാർഗ്ഗികങ്ങളും അശ്ലീലങ്ങളുമായി തരംമാറി. മ്ശിഹാഗമന കാലത്തു ഗ്രീക്കുകാരുടേയും റോമക്കാരുടേയും സാന്മാർഗ്ഗികസ്ഥിതി അശേഷം അധഃപതിച്ചിരുന്നതായി വി. പൌലോസ് തന്റെ ലേഖനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടു.
റോമ. 1. 24-32.

മനുഷ്യന്റെ കാമാസക്തിയിൽനിന്നും ദൂരത്തല്ലാത്ത അവന്റെ ക്രൂരത അന്നത്തെ യുദ്ധങ്ങളിലും, സ്ത്രീകളോടുള്ള മർദ്ദനത്തിലും, അടിമകളോടുള്ള കാഠിന്യത്തിലും, ദ്വന്ദ്വയുദ്ധങ്ങളിലും, പുത്രഹത്തികളിലും എത്രവ്യക്തമായി കാണപ്പെട്ടിരുന്നു! സത്യദൈവത്തിന്നു ജെറൂസലെമിൽമാത്രം അന്നു ഒരു ദേവാലയമുണ്ടായിരിക്കെ, കള്ളദേവന്മാർക്കും ദേവികൾക്കും അമ്പലങ്ങൾ അനവധിയുണ്ടായിരുന്നു. മനുഷ്യകുലത്തിന്റെ അധഃപതനം ഇത്ര അഗാധമായിരിക്കെ ദൈവത്തിൽ നിന്നല്ലാതെ മററുവിധം അവന്നു രക്ഷയില്ലെന്നു സോക്രട്ടീസ് ഏററുപറഞ്ഞതായി കാണുന്നുണ്ട്.

എന്നുവേണ്ട, ദൈവത്തോടു മത്സരിച്ച മനുഷ്യന്നു ദൈവസഹായം രക്ഷക്കു കൂടിയേമതിയാവൂവെന്നു ബോദ്ധ്യമായി. അതിനാൽ അധഃപതിച്ച മനുഷ്യനെ ദൈവം വിട്ടുകളഞ്ഞില്ല. അവിടുന്നു പറദീസയിൽ രക്ഷകനെ സംബന്ധിച്ചു ചെയ്ത വാഗ്ദാനം തുടരെ പുതുക്കിക്കൊണ്ടിരുന്നു. ആ വാഗ്ദാനത്തിൽ ശരണംവെച്ചു രക്ഷകാഗമനത്തിന്നു തങ്ങളേയുംപുറജാതിക്കാരേയും ഒരുക്കുന്ന ഒരു ജനമായി ഇസ്രായേൽക്കാരെ ദൈവം തിരഞ്ഞെടുത്തു. ഉദ്ദേശസാദ്ധ്യത്തിന്നു അത്ഭുതകരമായി പരിപാലിക്കപ്പെട്ടിരുന്ന ഈ ജനം കനാൻദേശത്തു പുറജാതിക്കാരാൽ ചുററപ്പെട്ടു ഏറെക്കാലം നിവസിക്കുന്നതിന്നും ദൈവം തിരുച്ചിത്തമായി.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY of INDIA



## 5. മ്ശിഹായിൽ സൎവ്വത്രപ്രത്യാശ.

ഇസ്രായേൽക്കാർ സ്വപാപഫലമായിട്ടാണ് പുറജാതിക്കാരുടെ മദ്ധ്യേ ചിന്നിച്ചിതറുവാൻ ഇടവന്നതു. എന്നാൽ ഈ ചിതറിയ യൂദന്മാർമുഖേന പുറജാതിക്കാൎക്കു സത്യദൈവത്തെ സംബന്ധിച്ച ജ്ഞാനം കൈവരികയും, അതോടെ അവരും രക്ഷകാഗമനത്തിൽ പ്രത്യാശയുള്ളവരാകയും ചെയ്തു. ലോകരക്ഷകൻ അവതരിച്ച നാളിൽ യൂദന്മാർ റോമ്മാസാമ്രാജ്യാതിൎത്തിയിൽ എങ്ങും ചിതറി നിവസിച്ചിരുന്നു. ഇവർ സ്വമതാനുഷ്ഠാനത്തിൽ ജാഗ്രതയുള്ളവരും, മൂശയുടെ പ്രമാണം മുറുകെ പിടിച്ചിരുന്നവരുമാകയാൽ വേദഗ്രന്ഥങ്ങൾ വായിക്കുന്നതിന്നു തങ്ങളുടെ സിനഗോഗകളിൽ സമ്മേളിച്ചിരുന്നു. ഈ സിനഗോഗകളിൽ പലതും അനന്തരകാലത്തു പൂൎവ്വക്രിസ്ത്യാനികളുടെ സമ്മേളനസ്ഥാനങ്ങളായി പകൎന്നിട്ടുണ്ടെന്നു ശ്ലീഹന്മാരുടെ നടവടിപുസ്തകത്തിൽനിന്നു കാണാം.

മ്ശിഹാഗമനംവരെ യൂദന്മാൎക്കു നിയമം എങ്ങിനെയായിരുന്നുവൊ ആ വിധത്തിൽതന്നെ ഗ്രീക്കുകാൎക്കു തത്വശാസ്ത്രവുമായിരുന്നുവെന്നു അലക്സാഡ്റിയായിലെ ക്ലേമെൻറ് പ്രസ്താവിച്ചിട്ടുണ്ട്. തത്വശാസ്ത്രം അവരുടെ ബോധത്തിൽ അതിസ്വാഭാവികതത്വങ്ങളിലുള്ള ഒരു ആശ വളൎത്തിയിരുന്നുവെത്രെ. പ്ലാറ്റൊ തത്വശാസ്ത്രത്താൽ പുറജാതിക്കാരുടെ മദ്ധ്യേ മ്ശിഹായ്ക്കു വഴിഒരുക്കിയതായി സഭാപിതാക്കന്മാരും പറയുന്നുണ്ട്. ഇങ്ങനെ മ്ശിഹാഗമനം സമീപിച്ചപ്പോൾ വിശുദ്ധ ലിഖിതങ്ങളും, യൂദന്മാരുടെ പാരമ്പൎയ്യങ്ങളും, പുറജാതിക്കാരുടെ പുരാണങ്ങളും നിമിത്തം ആ രക്ഷകനിൽ സൎവ്വത്ര ഒരു പ്രത്യാശ പ്രബലപ്പെട്ടിരുന്നു. ലോകരക്ഷകൻ യൂദയാരാജ്യത്തു പ്രത്യക്ഷപ്പെടുമെന്നും, അവിടന്നു മനുഷ്യകുലത്തിന്നു സമാധാനത്തിൻേറയും സൌഭാഗ്യത്തിൻേറയും നീതിയുടേയും ഭരണം പുനഃസ്ഥാപിക്കുമെന്നും എവിടേയും അറിയപ്പെട്ടിരുന്നു.

## 6. ലോകരക്ഷകൻെറ ആഗമനം.

മനുഷ്യകുലമെന്ന വൃക്ഷത്തിൻെറ അതിശോഭനപുഷ്പമായ മ്ശിഹായുടെ ആഗമനത്തിന്നു ക്രമേണ മനുഷ്യൻ ഒരുക്കപ്പെട്ടതു

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY of INDIA

ദൈവത്തിൻെറ പരിപാലന നിയന്ത്രണം വഴിയായിരുന്നു. കാലത്തിൻെറ തികവിൽ ദൈവം തൻെറ ദൂതനെ അയച്ച് ഇസ്രായേലിൽ നിഷ്ക്കളങ്കലില്ലിയും കന്യകയുമായ മറിയത്തോട് ഇങ്ങനെ വചിച്ചു: കണ്ടാലും, നീ ഒരു പുത്രനെ പ്രസവിക്കും; അവന്നു ഈശോ എന്നു നീ പേർ വിളിക്കും; അവൻ വലിയവനാകും; അത്യുന്നതൻെറ പുത്രനെന്നു അവൻ വിളിക്കപ്പെടുകയും ചെയ്യും. കർത്താവായ ദൈവം അവന്നു പിതാവായ ദാവീദിൻെറ സിംഹാസനം നൽകുകയും, യാക്കോബിൻെറ ഭവനത്തിന്മേൽ അവൻ നിത്യം വാഴുകയും ചെയ്യും. അവൻെറ സാമ്രാജ്യത്തിന്നു അവസാനമുണ്ടാകയുമില്ല: ലൂക്ക 1. 31-33.

## 7. സഭാചരിത്രത്തിൻെറ വിഭജനം.

ഈശോമ്ശിഹാ സ്ഥാപിച്ച തിരുസ്സഭയുടെ ചരിത്രമായി എഴുതുന്ന ഈ ഗ്രന്ഥത്തിൽ താഴെപറയുന്നവ ഉൾപ്പെടുന്നതാണ്. 1. സഭയുടെ സ്ഥാപനവും, പ്രചരണവും, അതിന്നു മററുജാതിക്കാരായുള്ള ബന്ധവും. 2. പാഷണ്ഡതയും ശീശ്മയുമായുള്ള മത്സരത്തിൽ സഭയുടെ പഠനങ്ങളിലുണ്ടായ വികാസം. 3. പരസ്യാരാധനയിൽ പ്രത്യക്ഷമാകുന്ന സഭയുടെ ആന്തരികജീവിതവും പ്രവർത്തനവും. 4. എല്ലാ സഭാംഗങ്ങളേയും സ്പർശിക്കുന്നതും അവരുടെ അവകാശങ്ങളെ സ്ഥാപിക്കുന്നതുമായ നിയമനങ്ങളുടെ ഉത്ഭവവും വളർച്ചയും. 5. കാലദേശവ്യത്യാസങ്ങൾക്കനുസരണമായി സഭ തൻെറ ശിക്ഷണവ്യവസ്ഥകൾ രൂപീകരിക്കുന്ന പ്രകൃതി.

ഈ തിരുസ്സഭാചരിത്രത്തെ അതിൻെറ കാലം വിഭജിച്ചിട്ടുള്ളതിൽ പൂർവ്വചരിത്രം, മദ്ധ്യചരിത്രം, ആധുനികചരിത്രം എന്നിങ്ങനെ മൂന്നായി തിരിച്ചിരിക്കുന്നു. പൂർവ്വചരിത്രം എ. ഡി. 1 മുതൽ 680 വരെയുള്ളതാണ്. മദ്ധ്യചരിത്രം എ. ഡി. 680 മുതൽ 1500 വരെയുള്ളതും, ആധുനികചരിത്രം എ. ഡി. 1500 മുതൽ 1945 വരെയുള്ളതുമാകുന്നു. ഇവ ഓരോന്നും അതാതിൻെറ ഏതാണ്ട് മദ്ധ്യത്തിൽ, അതായതു എ. ഡി. 313ലും, 1054ലും, 1650ലുമായി പുനർവിഭജിച്ച് ആകെ ആറു കാലഘട്ടങ്ങളായി സഭാചരിത്രം ഒട്ടാകെ മുഴമിക്കുന്നു.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY of INDIA

# സഭയുടെ പൂൎവ്വചരിത്രം.

## മ്ശിഹാമുതൽ ഏഴാംനൂററാണ്ടവസാനംവരെ.

## അഥവാ

## എ. ഡി. 1 മുതൽ 680വരെ.

## ഒന്നാം വിഭാഗം.

## മ്ശിഹായുടെ ജനനംമുതൽ മിലാൻവിളംബരംവരെ.

## അഥവാ

## എ. ഡി. 1 മുതൽ 313വരെ.

# അദ്ധ്യായം ൧.

## സഭാസ്ഥാപകനായ മ്ശിഹായുടെ ചരിത്രം.

### 8. ക്രിസ്ത്വബ്ദം.

സൃഷ്ടിമുതൽക്ക് കാലാരംഭം ഗണിക്കുന്ന യൂദന്മാരെപ്പോലെയൊ, പട്ടണസ്ഥാപനംമുതല്ക്ക് അത് കണക്കാക്കുന്ന റോമക്കാരെപ്പോലെയൊ അല്ല ഇന്നു പരിഷ്കൃതലോകം കാലനിൎണ്ണയം ചെയ്യുന്നത്. അവർ ലോകരക്ഷകനായ ഈശോമ്ശിഹായുടെ ജനനം മുതല്ക്ക് അതു കണക്കാക്കുന്നു. ഈ സമ്പ്രദായം ആരംഭിച്ചതു ആറാം ശതകത്തിൽ ജീവിച്ച ദിയോനിസിയൂസ് എക്സിഗ്ഗുവൂസ് എന്നൊരു റോമൻ ആബട്ടാണ്. ഈശോമ്ശിഹാ അഥവാ ക്രിസ്തു പിറന്നതായി ഇന്നു പൊതുവിൽ സ്വീകരിക്കപ്പെടുന്നകാലം റോമ്മാപട്ടണം സ്ഥാപിതമായതിന്റെ 748-ാം വത്സരമാകുന്നു.

### 9. ഹേറോദേശ് രാജാവ്.

മ്ശിഹായുടെ പിറവികാലത്തു യൂദന്മാർ അവരുടെ സ്വാതന്ത്ര്യം നഷ്ടപ്പെട്ടു റോമാക്കാരുടെ ആധിപത്യത്തിൻകീഴിലാണ് ജീ

www.TheCMSIndia.org

| | പോപ്പകൾ. | ഭരണകാ |
|---|---|---|
| 217 | പയസ് 3_ാമൻ | 1503 |
| 218 | ജൂലിയൂസ് 2_ാമൻ | 1503—1513 |
| 219 | ലെയോ 10_ാമൻ | 1513—1521 |
| 220 | ഹാഡ്രിയാൻ 6_ാമൻ | 1522—1523 |
| 221 | ക്ലെമെൻറു 7_ാമൻ | 1523—1534 |
| 222 | പോൾ 3_ാമൻ | 1534—1549 |
| 223 | ജൂലിയൂസ് 3_ാമൻ | 1550—1555 |
| 224 | മർസെല്ലൂസ് 2_ാമൻ | 1555 |
| 225 | പോൾ 4_ാമൻ | 1555—1559 |
| 226 | പയസ് 4_ാമൻ | 1559—1565 |
| 227 | പയസ് 5_ാമൻ | 1566—1572 |
| 228 | ഗ്രിഗരി 13_ാമൻ | 1572—1585 |
| 229 | സിക്സ്തൂസ് 5_ാമൻ | 1585—1590 |
| 230 | ഊർബൻ 7_ാമൻ | 1590 |
| 231 | ഗ്രിഗരി 14_ാമൻ | 1590—1591 |
| 232 | ഇന്നൊസെൻറു 9_ാമൻ | 1591—1592 |
| 233 | ക്ലെമെൻറു 8_ാമൻ | 1592—1605 |
| 234 | ലെയൊ 11_ാമൻ | 1605 |
| 235 | പോൾ 5_ാമൻ | 1605—1621 |
| 236 | ഗ്രിഗരി 15_ാമൻ | 1621—1623 |
| 237 | ഊർബൻ 8_ാമൻ | 1623—1644 |
| 238 | ഇന്നൊസെൻറു 10_ാമൻ | 1644—1655 |
| 239 | അലെക്സാണ്ടർ 7_ാമൻ | 1655—1667 |
| 240 | ക്ലെമെൻറു 9_ാമൻ | 1667—1669 |
| 241 | ക്ലെമെൻറു 10_ാമൻ | 1670—1676 |
| 242 | ഇന്നൊസെൻറു 11_ാമൻ | 1676—1689 |
| 243 | അലെക്സാണ്ടർ 8_ാമൻ | 1689—1691 |
| 244 | ഇന്നൊസെൻറു 12_ാമൻ | 1691—1700 |
| 245 | ക്ലെമെൻറു 11_ാമൻ | 1700—1721 |
| 246 | ഇന്നൊസെൻറു് 13_ാമൻ | 1721—1724 |
| 247 | ബെനഡിക്ട 13_ാമൻ | 1724—1730 |
| 248 | ക്ലെമെൻറു 12_ാമൻ | 1730—1740 |
| 249 | ബെനഡിക്ട 14_ാമൻ | 1740—1758 |
| 250 | ക്ലെമെൻറു 13_ാമൻ | 1758—1769 |
| 251 | ക്ലെമെൻറു 14_ാമൻ | 1769—1774 |
| 252 | പയസ് 6_ാമൻ | 1775—1799 |
| 253 | പയസ് 7_ാമൻ | 1800—1823 |

CHRISTIAN MUSICOLOGICAL SOCIETY of INDIA

www.TheCMSIndia.org

| | | |
|---|---|---|
| 254 | ലെയൊ 12_ാമൻ | 1823—1829 |
| 255 | പയസ് 8_ാമൻ | 1829—1830 |
| 256 | ഗ്രിഗരി 16_ാമൻ | 1830—1846 |
| 257 | പയസ് 9_ാമൻ | 1846—1878 |
| 258 | ലെയൊ 13_ാമൻ | 1878—1903 |
| 259 | പയസ് 10_ാമൻ | 1903—1914 |
| 260 | ബെനഡിക്ട 15_ാമൻ | 1914—1922 |
| 261 | പയസ് 11_ാമൻ | 1922—1939 |
| 262 | പയസ് 12_ാമൻ | 1939_ |

# 442. അനുബന്ധം ൨

## പൊതുസൂനഹദോസുകൾ

| | സ്ഥലം. | | | കാലം. |
|---|---|---|---|---|
| 1. | ഒന്നാം നിക്യാ | സൂനഹദോസ്. | എ.ഡി. | 325 |
| 2. | ഒന്നാം കൊൺസ്റ്റാണ്ടിനോപ്പോൾ | ,, | ,, | 381 |
| 3. | എഫെസൂസ് | ,, | ,, | 431 |
| 4. | കൽച്ചെദോൻ | ,, | ,, | 451 |
| 5. | രണ്ടാംകൊൺസ്റ്റാണ്ടിനോപ്പോൾ | ,, | ,, | 553 |
| 6. | മൂന്നാംകൊൺസ്റ്റാണ്ടിനോപ്പോൾ | ,, | ,, | 680 |
| 7. | രണ്ടാം നിക്യാ | ,, | ,, | 787 |
| 8. | നാലാം കൊൺസ്റ്റാണ്ടിനോപ്പോൾ | ,, | ,, | 869 |
| 9. | ഒന്നാം ലാററൻ | ,, | ,, | 1123 |
| 10. | രണ്ടാം ലാററൻ | ,, | ,, | 1139 |
| 11. | മൂന്നാം ലാററൻ | ,, | ,, | 1179 |
| 12. | നാലാം ലാററൻ | ,, | ,, | 1215 |
| 13. | ഒന്നാം ലിയോൺസ് | ,, | ,, | 1245 |
| 14. | രണ്ടാം ലിയോൺസ് | ,, | ,, | 1274 |
| 15. | വിയെൻ | ,, | ,, | 1312 |
| 16. | കോൺസ്റ്റാൻസ് | ,, | ,, | 1414_1118 |
| 17. | ഫെരാരാ_ഫ്ലോരെൻസ് | ,, | ,, | 1438_1445 |
| 18. | അഞ്ചാം ലാററൻ | ,, | ,, | 1512_1517 |
| 19. | ട്രെൻറു | ,, | ,, | 1545_1563 |
| 20. | വത്തിക്കാൻ | ,, | ,, | 1869_1870 |

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY of INDIA



# 443 വിഷയവിവരണിക.

പ്രസ്താവന.

## തിരുസ്സഭാചരിത്രം


പേജ്

പ്രാരംഭം 4


## സഭയുടെ പൂർവ്വചരിത്രം.

മിശിഹാമുതൽ ഏഴാംനൂററാണ്ടവസാനംവരെ

അഥവാ

എ. ഡി. 1 മുതൽ 680 വരെ.

CHRISTIAN MUSICOLOGICAL SOCIETY of INDIA

### ഒന്നാംവിഭാഗം

മിശിഹായുടെ ജനനംമുതൽ മിലാൻവിളംബരംവരെ

അഥവാ

എ. ഡി. 1 മുതൽ 313 വരെ.


| | | | |
|---|---|---|---|
| അദ്ധ്യായം | 1. | സഭാസ്ഥാപകനായ മിശിഹായുടെ ചരിത്രം | 9 |
| ,, | 2. | ശ്ലീഹന്മാരുടെ ചരിത്രം. | 18 |
| ,, | 3. | യഹൂദമതത്തിൻെറ അധഃപതനവും ശിശുസഭയുടെ വിജയവും | 32 |
| ,, | 4. | പുറജാതിക്കാരിൽനിന്ന മതമർദ്ദനം | 39 |
| ,, | 5. | പുരാതനകത്തോലിക്കാ സാഹിത്യം | 45 |
| ,, | 6. | പാഷണ്ഡതയും ശീശ്മയും | 49 |
| ,, | 7. | ഭരണവ്യവസ്ഥ— ആരാധന— ശിക്ഷണം | 55 |


### രണ്ടാംവിഭാഗം

മിലാൻവിളംബരംമുതൽ ആറാം പൊതുസൂനഹദോസുവരെ

അഥവാ

എ. ഡി. 313 മുതൽ 680 വരെ.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY of INDIA




| | | | |
|---|---|---|---|
| അദ്ധ്യായം | 1. | ക്രൈസ്തവസഭ വിഗ്രഹാരാധനയെ വിജയിച്ചു. | 65 |
| ,, | 2. | [illegible] റോമൻസാമ്രാജ്യത്തിന്നു പുറമെ | 71 |
| ,, | 3. | സഭാപിതാക്കന്മാരുടെ സാഹിത്യം | 90 |
| ,, | 4. | പാഷണ്ഡതകളും ശീശ്മകളും | 99 |
| ,, | 5. | ഭരണവ്യവസ്ഥ_ആരാധന_ശിക്ഷണം | 118 |


# സഭയുടെ മദ്ധ്യചരിത്രം.

7_ാംനൂററാണ്ടവസാനംമുതൽ 16_ാംനൂററാണ്ടു ആരംഭംവരെ.

അഥവാ

**എ. ഡി. 680 മുതൽ 1500 വരെ.**

## ഒന്നാംവിഭാഗം

ഏഴാംനൂററാണ്ടവസാനംമുതൽ ഗ്രീക്കശീശ്മവരെ.

അഥവാ

**എ. ഡി. 680 മുതൽ 1054 വരെ.**


| | | | |
|---|---|---|---|
| അദ്ധ്യായം | 1. | പ്രാരംഭം_വിവിധരാജ്യങ്ങളിൽ സഭാവ്യാപ്തി. | 127 |
| ,, | 2. | പാപ്പാധികാരവും രാഷ്ട്രാധികാരവും | 142 |
| ,, | 3. | കത്തോലിക്കാശാസ്ത്രവും സാഹിത്യവും | 156 |
| ,, | 4. | പാഷണ്ഡതകളും ശീശ്മകളും | 159 |
| ,, | 5. | ഭരണവ്യവസ്ഥ_ശിക്ഷണം | 168 |


## രണ്ടാം വിഭാഗം

ഗ്രീക്കശീശ്മമുതൽ 16_ാംനൂററാണ്ടാരംഭംവരെ

അഥവാ

**എ. ഡി. 1054 മുതൽ 1500 വരെ.**


| | | | |
|---|---|---|---|
| അദ്ധ്യായം | 1. | പ്രാരംഭം. വിവിധരാജ്യങ്ങളിൽ സഭാവ്യാപ്തി. | 174 |
| ,, | 2. | പാപ്പയും അധിരാജന്മാരുമായുള്ള ബന്ധം | 189 |
| ,, | 3. | കത്തോലിക്കാശാസ്ത്രവും സാഹിത്യവും | 219 |
| ,, | 4. | പാഷണ്ഡതകൾ | 224 |
| ,, | 5. | ഭരണവ്യവസ്ഥ_ശിക്ഷണം | 231 |


www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY of INDIA

# സഭയുടെ ആധുനികചരിത്രം.

പതിനാറാം നൂറ്റാണ്ടുമുതൽ ആധുനികകാലംവരെ

**അഥവാ**

**എ. ഡി. 1500 മുതൽ 1945 വരെ.**

## ഒന്നാം വിഭാഗം

പതിനാറാം നൂറ്റാണ്ടുമുതൽ പതിനേഴാംനൂറ്റാണ്ടു മദ്ധ്യംവരെ

**അഥവാ**

**എ. ഡി. 1500 മുതൽ 1650 വരെ.**


| | | | |
|---|---|---|---|
| അദ്ധ്യായം | 1. | പ്രാരംഭം_ക്രിസ്തീയ വേദപ്രചാരം. | 213 |
| ,, | 2. | പ്രോട്ടസ്റ്റാണ്ടുമതം | 260 |
| ,, | 3. | കത്തോലിക്ക സഭാചരിത്രം | 291 |


## രണ്ടാം വിഭാഗം

പതിനേഴാം നൂറ്റാണ്ടു മദ്ധ്യം മുതൽ ആധുനികകാലംവരെ.

**അഥവാ**

**എ. ഡി. 1650 മുതൽ 1945 വരെ.**


| | | | |
|---|---|---|---|
| അദ്ധ്യായം | 1. | പ്രാരംഭം ക്രിസ്തീയ വേദപ്രചാരം. | 303 |
| ,, | 2. | കത്തോലിക്ക സഭാചരിത്രം | 311 |
| ,, | 3. | വിവാദങ്ങളും പാഷണ്ഡതകളും | 350 |
| ,, | 4. | കത്തോലിക്കാശാസ്ത്രവും സാഹിത്യവും | 365 |
| ,, | 5. | മതാത്മകജീവിതം | 367 |
| അനുബന്ധം | 1. | മാർപ്പാപ്പമാർ | 373 |
| ,, | 2. | പൊതുസൂനഹദോസുകൾ | 380 |
| | | വിഷയവിവരണിക | 381 |


www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY of INDIA

# മൊൺസിഞ്ഞോർ അന്തോണി പുതിശ്ശേരി ഡി. ഡി. അവർകളുടെ പുസ്തകങ്ങൾ.

| | | | | | |
|---|---|---|---|---|---|
| 1. | പഴയ നിയമം ശ്ലേമോൻ | വില ക. | 0 | 15 | 0 |
| 2. | പുതിയനിയമം വി. പൌ. ലേഖനങ്ങൾ | ,, | | | |
| 3. | പഴയ വേദാഗമചരിത്രം | ,, | | | |
| 4. | പുതിയ വേദാഗമചരിത്രം | ,, | 1 | 12 | 0 |
| 5. | ധൂത്തപുത്രൻ | ,, | 1 | 4 | 0 |
| 6. | വേദപ്രകാശം | ,, | 1 | 4 | 0 |
| 7. | വേദരഹസ്യം | ,, | 1 | 4 | 0 |
| 8. | തിരുസ്സഭാചരിത്രം (കേരളചരിത്രസഹിതം) | ,, | 2 | 8 | 0 |
| 9. | രോഗിക്കും ദുഃഖിതന്നും ആശ്വാസം | ,, | 0 | 5 | 0 |

സൂപ്രെണ്ട്,
സെൻറ് ജോസഫ്സ് ഐ. എസ്. പ്രസ്സ്,
എൽത്തുരുത്ത്. A. O. & P. O.

PRINTED AND PUBLISHED BY C. C. JOSEPH AT
ST. JOSEPH'S I. S. PRESS,
ELTHURUTH. 1-11-1947.

www.TheCMSIndia.org

# കിരണങ്ങൾ.


| നമ്പ്ര്. | | ക. | ണ. | പ. |
|---|---|---|---|---|
| 15. | വി. ഗൈത്സിന്റെ സ്വർഗ്ഗാരോഹിതകൾ | 0 | 4 | 0 |
| 16. | അസിസ്സിയിലെ മഹാഭിക്ഷു | 1 | 0 | 0 |
| 17. | മാഞ്ഞുവായിലെ ലില്ലിപ്പുഷ്പം | 0 | 5 | 0 |
| 18. | തിരുസഭാവിജയം | 0 | 4 | 0 |
| 19. | വിശുദ്ധന്മാരുടെ ജീവചരിത്രം | 2 | 0 | 0 |
| | ,, അരക്കെട്ട് കാലിക്കൊ | 2 | 4 | 0 |
| 20. | വിശുദ്ധ യൗസേപ്പ് | 0 | 2 | 0 |
| 21. | അൽഫോൻസ് ലിഗോരി | 0 | 3 | 0 |
| 22. | തിരുസ്സഭാചരിത്രം (ചോദ്യോത്തരങ്ങൾ) | 0 | 14 | 0 |
| 23. | തിരുരക്തവർഷം | 0 | 14 | 0 |
| 24. | അടുക്കളക്കാരി | 0 | 10 | 0 |
| 25. | ക്രിസ്തുരാജൻ | 0 | 1 | 0 |
| 26. | താക്കീത്. (ഫാത്തിമാ സന്ദേശങ്ങൾ) | 0 | 8 | 0 |
| 27. | അനുഗ്രഹപ്രദായിനി | 0 | 6 | 0 |
| 28. | പരമാന്ത്യം | 0 | 8 | 0 |
| 29. | ഇംഗ്ലണ്ടിലെ വിശേഷങ്ങൾ | 1 | 0 | 0 |
| 30. | ക്രിസ്തുവിന്റെ പുനരുത്ഥാനം | 1 | 4 | 0 |
| 31. | വി. ബെർണ്ണാർഡ് | 0 | 10 | 0 |
| 32. | സന്ന്യാസിയുടെ കൃതാർത്ഥത | 0 | 3 | 0 |
| 33. | Notes on Spiritual Life | 0 | 5 | 0 |
| 34. | മീശക്കാരൻ സാമി | 0 | 2 | 0 |
| 35. | ക്രിസ്തുവിന്റെ ജനനവും മരണവും | 0 | 3 | 0 |
| 36. | ദിവ്യജ്ഞാന പീയൂഷം | 0 | 5 | 0 |
| 37. | ഗ്രാമങ്ങളിലേക്ക് | 0 | 7 | 0 |
| 38. | തിരുസഭാവിജയം (രണ്ടാം ഭാഗം) | 0 | 5 | 0 |
| 39. | അമൂല്യനിമിഷങ്ങൾ | 2 | 4 | 0 |
| | ,, അരക്കെട്ട് കാലിക്കൊ | 2 | 8 | 0 |
| 40 | ആത്മാവലോകനം | 0 | 3 | 6 |
| 41 | ജപമാല എന്റെ നിക്ഷേപം. | 0 | 5 | 0 |
| 42. | വിശ്വാസവും യുക്തിയും | 0 | 4 | 6 |
| 43. | പരിശുദ്ധാത്മഭക്തി | 0 | 3 | 0 |



സെൻറ് ജോസഫ്സ് ഐ. എസ്സ്. പ്രസ്സ്,
എൽത്തുരുത്ത്, തൃശ്ശൂർ.



CHRISTIAN MUSICOLOGICAL SOCIETY of INDIA

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

For further information
regarding this text
Please contact
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART
- RESOURCE FOR RESEARCHERS